ഉത്തരം

(എ) ഉണ്ട്.

(ബി) ഡി. വൈ. എസ്. പി.—1
സർക്കിൾ ഇൻസ്പെക്ടർ—1
സബ് ഇൻസ്പെക്ടർ—2.

(സി) 1. ശ്രീ. ടി. എം. സോമരാജൻ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്.
2. ശ്രീ. ബാസ്സിൽ ജോസഫ്, സർക്കിൾ ഇൻസ്പെക്ടർ
3. ശ്രീ. എ. എൻ. വേണുഗോപാൽ, സബ് ഇൻസ്പെക്ടർ
4. ശ്രീ. വി. ഗണേശൻ, സബ് ഇൻസ്പെക്ടർ

(ഡി) കുറ്റാന്വേഷണത്തിൽ കണ്ട പാകപ്പിഴകൾ, ന്യായീകരണമില്ലാത്ത കൈയേറ്റം എന്നീ കുറ്റങ്ങളാണ്.

പോലീസ് വെടിവയ്പുകളും, ലാത്തിച്ചാർജ്ജുകളും, ലോക്കപ്പ് മർദ്ദനങ്ങളും

154. [211] ശ്രീ. കെ. പി. പ്രഭാകരൻ :
,, വി. കെ. രാജൻ :
,, കെ. ടി. കുമാരൻ :
,, കെ. ടി. കണാരൻ :
,, കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1986 ഫെബ്രുവരി 28 വരെ സംസ്ഥാനത്ത് എത്ര പോലീസ് വെടിവയ്പുകളും ലാത്തിച്ചാർജുകളും ലോക്കപ്പ് മർദ്ദനങ്ങളും ഉണ്ടായിട്ടുണ്ട് ;

(ബി) ഈ ഓരോ ഇനത്തിനും മരണപ്പെട്ടവർ എത്രയെന്നും പരിക്കുപറ്റി ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടവർ എത്രയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) വെടിവയ്പുകൾ 33
ലാത്തിച്ചാർജുകൾ 13
ലോക്കപ്പ് മർദ്ദന പരാതികൾ 258

(ബി) വെടിവയ്പിൽ മരിച്ചവർ 10
പരിക്കുപറ്റിയവർ 49
ലാത്തിച്ചാർജിൽ പരിക്കേറ്റവർ 74

കോഴിക്കോട് ജില്ലയിലെ സുലോചനയുടെ സംശയകരമായ മരണം

[215] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കായണ്ണയിൽ സുലോചനയുടെ സംശയകരമായ മരണത്തെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിരുന്നുവോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടിയാണെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly